ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

E-mail: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ: 2284 /സി.പി.എസ്.ടി എ 3/2019/നി.സെ.

തിരുവനന്തപുരം,
26.04.2019.

## വിജ്ഞാപനം

വിഷയം :- കേരള നിയമസഭാ സെക്രട്ടേറിയറ്റ് - നിയമസഭാ മാധ്യമ അവാർഡ് 2019- അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

..............

ജനാധിപത്യ വ്യവസ്ഥിതി നിലനിർത്തുന്നതിലും പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിലും മാധ്യമങ്ങൾക്കുള്ള ഉത്തരവാദിത്വവും പ്രാധാന്യവും കണക്കിലെടുത്തും വാർത്തകൾ വസ്തുതാപരമായും ശരിയായ ദിശാബോധത്തോടെയും സമൂഹത്തിൽ എത്തിക്കുക എന്ന മാധ്യമധർമ്മത്തെ പ്രോത്സാഹിപ്പിക്കുന്നതിനും മാധ്യമങ്ങളുടെ പങ്കാളിത്തത്തോടെ പൊതുസമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുകൾക്ക് കരുത്തേകുന്നതിനും മലയാളഭാഷയുടെയും സംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും പരിപോഷണത്തിന് മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് അംഗീകരിച്ചും പാർലമെന്ററി നടപടികളെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് നിയമസഭാ നടപടികളെ സംബന്ധിച്ച റിപ്പോർട്ടിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള നിയമസഭ 2017 മുതൽ ഏർപ്പെടുത്തിയിരിക്കുന്ന താഴെപ്പറയും പ്രകാരമുള്ള മൂന്ന് വ്യത്യസ്ത വിഭാഗത്തിലുള്ള മാധ്യമ അവാർഡുകളുടെ 2019-ലേയ്ക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു.

(1) 'ആർ. ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡ്' - മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും പരിപോഷണത്തിനുതകുന്ന മികച്ച മാധ്യമ സൃഷ്ടിക്കുള്ള അവാർഡ്;

(2) 'ഇ.കെ. നായനാർ നിയമസഭാ മാധ്യമ അവാർഡ് '- പൊതു സമൂഹത്തെ സ്വാധീനിക്കുകയും പൊതുസമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും ചെയ്ത അന്വേഷണാത്മക മാധ്യമ റിപ്പോർട്ടിംഗിനുള്ള അവാർഡ്;

(3) 'ജി.കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡ് '- നിയമസഭാ നടപടികൾ സംബന്ധിച്ച മികച്ച റിപ്പോർട്ടിംഗിനുള്ള അവാർഡ്.

- മേൽപറഞ്ഞ മൂന്ന് വിഭാഗങ്ങളിലും അച്ചടി -ദൃശ്യ മാധ്യമ വിഭാഗങ്ങൾക്കായി പ്രത്യേകം അവാർഡുകൾ (ആകെ ആറ് അവാർഡുകൾ) ഉണ്ടായിരിക്കും.
- അൻപതിനായിരം രൂപ, പ്രശസ്തിപത്രം, ഫലകം എന്നിവ അടങ്ങുന്നതാണ് ഓരോ അവാർഡും.

- 2019-ലെ അച്ചടി മാധ്യമ വിഭാഗത്തിലുള്ള അവാർഡിനായി സമർപ്പിക്കുന്ന റിപ്പോർട്ട്/ഫീച്ചർ/ലേഖനം എന്നിവ മലയാളത്തിലുള്ളതും കേരളത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്നതും 2018 ജനുവരി 1നും 2018 ഡിസംബർ 31-നും ഇടയിൽ ആദ്യമായി പ്രസിദ്ധീകരിച്ചിട്ടുള്ളതും, പ്രസിദ്ധീകരിച്ച ശേഷം എഡിറ്റ് ചെയ്യാത്തതുമായിരിക്കേണ്ടതാണ്.
- 2019-ലെ ദൃശ്യ മാധ്യമ അവാർഡിനായി സമർപ്പിക്കുന്ന റിപ്പോർട്ട്/ ഷോർട്ട് ഫിലിം/ പരിപാടി മലയാളത്തിലുള്ളതും 2018 ജനുവരി 1 നും 2018 ഡിസംബർ 31 നും ഇടയിൽ ആദ്യമായി സംപ്രേഷണം ചെയ്തിട്ടുള്ളതും സംപ്രേഷണം ചെയ്ത ശേഷം എഡിറ്റ് ചെയ്യാത്തതുമായിരിക്കേണ്ടതാണ് .
- മാധ്യമ അവാർഡ് നൽകുന്നത് സംബന്ധിച്ച എല്ലാ നടപടികളും നിയമസഭാ മാധ്യമ അവാർഡ് സ്കീം-2017-ലെ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

അവാർഡിനായി എൻട്രികൾ നൽകുവാൻ ആഗ്രഹിക്കുന്നവർ, നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ, എൻട്രി പ്രസിദ്ധീകരിച്ചത്/സംപ്രേഷണം ചെയ്തത് സംബന്ധിച്ച സ്ഥാപന മേധാവിയുടെ നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം, എൻട്രികളുടെ 6 പകർപ്പുകൾ (ദൃശ്യ മാധ്യമ അവാർഡിനുള്ളവയുടെ 6 ഡി.വി.ഡി. പകർപ്പുകൾ) എന്നിവ സഹിതം **2019 മേയ് 13-ാം തീയതി** വൈകിട്ട് 3.00 മണിക്ക് മുൻപായി സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

അവാർഡിനെ സംബന്ധിച്ച വിശദമായ സ്കീമും അപേക്ഷാ ഫാറവും കേരള നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റായ www.niyamsabha.org-യിൽ ലഭ്യമാണ്.

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.